എഡിറ്റോറിയൽ

മാർച്ച് 2014

എഡിറ്റർ
ജോർജ്ജ്
കാടൻകാവിൽ



# വിടു പെണ്ണുമ്പിള്ളേ എനിക്ക് ഭാര്യയും മക്കളുമുണ്ട് !

**എ**ന്റെ ഭാര്യയ്ക്ക് എന്നെ ഭയങ്കര സംശയമാണ് സാർ. ഓഫീസിൽ നിന്നും വന്നാൽ എന്നും എന്റെ വസ്ത്രങ്ങൾ എല്ലാം പരിശോധിക്കും ദേഹം പരിശോധിക്കും. എവിടെ യെങ്കിലും നീളമുള്ള ഒരു മുടിയോമറ്റോ കണ്ടാൽ പിന്നെ അന്നു രാത്രി കാളരാത്രി. ഞാൻ മടുത്തു സാറെ. ഇവൾക്കെന്തോ രോഗമാണ്, ഏതെങ്കിലും മനോരോഗ വിദഗ്ദന്റെ അടുത്തു കൊണ്ടുപോകാൻ സാറെന്നെ സഹായിക്കുമോ?

വലിയ വികാര വിക്ഷോഭത്തിലാണ് ഇദ്ദേഹം ഫോണിൽ വിളിക്കുന്നത്.

തീർച്ചയായും സഹായിക്കാം. ഞാനറിയുന്ന ചില വിദഗ്ദരുണ്ട്. പക്ഷേ, അവരുടെ അടുത്ത് പോകും മുമ്പ് കുറച്ച് തയ്യാറെടുപ്പ് വേണം, അതൊക്കെ അല്പം ക്ഷമ യോടെ കേൾക്കാമോ?

കേൾക്കാം സാർ പറഞ്ഞോളൂ,

ശ്വാസം എന്നത് ശരീരത്തിന്റെ ഒരു പ്രക്രിയ ആണ്. അന്തരീക്ഷ വായു വലിച്ചെടുത്ത് അതിൽ നിന്നും ശരീരത്തിന് ആവശ്യമില്ലാത്തത് നീക്കി ഓക്സിജൻ ആഗിരണം ചെയ്ത് ശരീരത്തിന്റെ പ്രവർത്തനം നിലനിർത്തുന്ന സ്വാഭാവിക പ്രകിയ. പക്ഷേ, ശ്വാസ തടസ്സം വന്നാൽ അത് പ്രശ്നമാകും, മൂർച്ഛിച്ചാൽ മാരകമായിത്തീരും.

ശ്വാസ തടസ്സം ഉണ്ടായാൽ, ശ്വാസം മുട്ടുണ്ടാക്കുന്ന സാഹചര്യങ്ങൾ ഉടനടി കണ്ടെത്തി, ആ കാര്യങ്ങൾക്ക് മാറ്റം വരുത്താനാണ് ആദ്യം തന്നെ ശ്രമിക്കേണ്ടത്. ഭേദമാകുന്നില്ലെങ്കിൽ ഡോക്ടറെ കാണും. അതു വരെ ഉണ്ടായ തകരാറുകൾക്ക് എന്തെങ്കിലും പ്രതിവിധി നൽകാൻ ഡോക്ടർ ശ്രമിക്കും, ശ്വാസം മുട്ടുണ്ടാക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കാനും ഡോക്ടർ നിർദ്ദേശിക്കും.

എപ്പോഴെങ്കിലും ശ്വാസതടസ്സം വന്ന് കഷ്ടപ്പെട്ടിട്ടുള്ളവർ, അന്തരീക്ഷത്തെക്കുറിച്ച് വളരെ അധികം ശ്രദ്ധിക്കുന്ന സ്വഭാവം പ്രകടിപ്പിച്ചു കൊണ്ടിരിക്കും. ഇതറിയാവുന്ന വർ ഇവർക്ക് അനുകൂലമായ അന്തരീക്ഷം ഒരുക്കാൻ സഹകരിക്കുകയും ചെയ്യും.

അതു പോലെ, സംശയം എന്നത് മനസ്സിന്റെ ഒരു പ്രക്രിയ ആണ്. കാണുകയും, കേൾക്കുകയും, അനുഭവപ്പെടുകയും ചെയ്യുന്നതിൽ, ശ്രദ്ധിക്കപ്പെടുന്ന ഓരോന്നിനെയും വിലയിരുത്തി സ്വീകാര്യം എന്നു ബോദ്ധ്യപ്പെടുന്ന കാര്യങ്ങളിൽ വിശ്വാസം അർപ്പിക്കുന്ന സ്വാഭാവിക പ്രക്രിയ. അവിശ്വാസം വന്നാൽ അത് പ്രശ്നമാകും, മൂർച്ഛിച്ചാൽ ഇതും മാരകമായിത്തീരും.

എപ്പോഴെങ്കിലും വിശ്വാസ ഭംഗം വരുകയോ, വരുത്തുകയോ ചെയ്തിട്ടുള്ളവർ, ചുറ്റു പാടുകളെക്കുറിച്ച് അങ്ങേയറ്റം ശ്രദ്ധിക്കുന്നവരായിരിക്കും. അവരത് പ്രകടിപ്പിക്കാൻ തുടങ്ങുമ്പോൾ, മറ്റുള്ളവർ ഇവരെ സംശയ രോഗി എന്ന് വിളിക്കും.

നിങ്ങളുടെ ഭാര്യക്ക് നിങ്ങളോട് അവിശ്വാസം സംഭവിച്ചെങ്കിൽ, അതിന്റെ കാരണങ്ങളും, സാഹചര്യങ്ങളും കണ്ടെത്തണം. അതിനെല്ലാം മാറ്റം വരുത്തണം. അത് സ്വയം സാധിക്കുന്നില്ലെങ്കിൽ. വിദഗ്ദരുടെ സഹായം തേടണം. സംഭവിച്ച തകരാറുകൾക്ക് പ്രതിവിധി ചെയ്യാനും വിദഗ്ദർ നിർദ്ദേശിച്ചു തരും. മാറ്റങ്ങൾ വരുത്താൻ നിങ്ങൾ തയ്യാറാണെങ്കിൽ മാത്രമേ, മാനോരോഗ വിദഗ്ദന്റെ അടുത്തു ഭാര്യയെ കൊണ്ടു പോയിട്ട് പ്രയോജനം ഉള്ളൂ. ഒരു ഗുളിക കൊണ്ട് മാറുന്നതല്ല വിശ്വാസ ഭംഗം.

www.BethlehemMatrimonial.com

വളരെ സമർത്ഥനായ ഇക്ബാൽ സാർ ഒരു ക്ലാസ് എടുക്കുകയാണ്. ട്രെയിനർ മാരുടെ ട്രെയിനറാണ് അദ്ദേഹം. സദസ്സ് മുഴുവൻ കാത്കൂർപ്പിച്ച് ക്ളാസ്സ് ശ്രദ്ധിച്ച് ഇരിക്കുന്നു, ഞാനും ആ ക്ളാസിലുണ്ട്. സ്വന്തം അനുഭവം വിവരിക്കുന്നതു പോലെ കഥകൾ പറയുന്നതാണ് അദ്ദേഹത്തിന്റെ ഒരു ശൈലി.

അദ്ദേഹം വർണ്ണിക്കുകയാണ് . . . എന്റെ വീട് ഒരു വലിയ തറവാടാണ്. ധാരാളം അംഗങ്ങളുണ്ട്. ഞാനാണ് മൂത്തമകൻ, എന്റെ കല്യാണം കഴിഞ്ഞ അന്നുരാത്രി ഭാര്യ എന്നോട് ചോദിച്ചു നിങ്ങളാഗ്രഹിച്ച പോലെ ഉള്ള ഭാര്യയാണോ ഞാൻ? ഒരഞ്ചാറുമാസം കഴിയാതെ എങ്ങനെയാണ് ഇത് പറയുക എന്ന് ചോദിച്ചപ്പോൾ അവൾ പറഞ്ഞു, സ്വഭാവമല്ല, എന്റെ രൂപം, നിങ്ങളുടെ മനസ്സിലുള്ളതുപോലെയാണോ? ഞാൻ അവളെ ആകെ ഒന്നു നോക്കിയിട്ട് പറഞ്ഞു, കുഴപ്പമില്ല ഏകദേശം ഇങ്ങനെ ഒക്കെ തന്നെയാണ്. പക്ഷെ ഒന്നു കൂടി മെലിഞ്ഞ ശരീരമായിരുന്നു മനസ്സിൽ എന്ന്. സാരമില്ല ഞാൻ ഡയറ്റിംഗ് നടത്തി മെലിഞ്ഞുകൊള്ളാം എന്ന് പറഞ്ഞ് അവൾ വിഷയം ക്ലോസ് ചെയ്തു. പിന്നെ നല്ല ദാമ്പത്യം ഒരു കുഴപ്പവും ഇല്ല. രണ്ട് വർഷം കഴിഞ്ഞ് എന്റെ അനിയന്റെ കല്യാണം ആയി. അവൻ കെട്ടികൊണ്ട് വന്നത് ഒരു സ്ലിം ബ്യൂട്ടി. എന്റെ ഭാര്യയ്ക്ക് അവളെ അത്ര പിടിച്ചില്ല. എന്തായാലും കുശുമ്പുകൂടൽ ഒന്നുമില്ല. മാന്യമായ പെരുമാറ്റം മാത്രമേ ഉള്ളൂ.

ഒരു ദിവസം ഞാൻ രാവിലെ ഓഫീസിൽ പോകാൻ ഡ്രസ്സ് ചെയ്യുകയാണ്. തേച്ചുവച്ച ഷർട്ട് എടുത്തിട്ടു ബട്ടനിടാൻ വന്നപ്പോൾ, മുകളിലത്തെ ബട്ടൻ നൂലഴിഞ്ഞ് തൂങ്ങിക്കിടക്കുന്നു. ഇതൊന്ന് തയ്ച്ച് ശരിയാക്കണമല്ലോ. ഭാര്യ അടുക്കളയിലാണ്. ഞാൻ ചെന്ന് അവളോട് പറഞ്ഞു. ഈ ബട്ടനൊന്ന് തയ്ച്ചു തന്നേ.

ഭാര്യയ്ക്ക് കുറച്ച് അരിശം വന്നു. ഞാനിവിടെ പണിചെയ്യുന്നത് കണ്ടില്ലേ, തന്നത്താൻ ഒരു ബട്ടൺ തയ്ച്ചാലെന്താ?

ഓ ശരി എന്ന് പറഞ്ഞ് ഞാൻ അടുക്കളയിൽ നിന്നും പിൻവാങ്ങി, പൂമുഖത്ത് വന്ന പ്പോൾ അനിയന്റെ ഭാര്യ അവിടെ തയ്യൽ മെഷ്യനിൽ എന്തോ തയ്ച്ചു കൊണ്ടിരിക്കുക യായിരുന്നു. അവൾ ആംഗ്യം കാട്ടി ചോദിച്ചു. ഞാൻ തയ്ച്ചു തരണോ? ഞാൻ തലയാട്ടി, വേണം.

ഷർട്ട് ഊരിത്തരട്ടെ? എന്ന് ഞാൻ ആംഗ്യം ചോദിച്ചു. വേണ്ട എന്ന് അവൾ തിരി കെ മറുപടി കാട്ടി. എന്നിട്ട്, എണീറ്റ് വന്ന് ഷർട്ടിന്റെ തുങ്ങികിടന്ന ബട്ടൻ നൂല് കടിച്ച് മുറിച്ചു.

ഈ നേരത്ത് എന്റെ ഭാര്യക്ക് മനസ്താപം തോന്നി ബട്ടൻ തയ്ച്ച് കൊടുത്തേക്കാം എന്ന് കരുതി അടുക്കളയിൽ നിന്നും പൂമുഖത്തേക്ക് വന്നു. നോക്കുമ്പോൾ ഇതാണ് കാഴ്ച, ഞങ്ങൾ അറിയാതെ അവൾ വന്നപോലെ അടുക്കളയിലേക്ക് പോയി. ഞാൻ ഓഫീസിൽ പോയി തിരികെ വന്നു. സാധാരണ നല്ല ചുടുള്ള കാപ്പി കിട്ടുന്നതാണ് ഇന്ന് തണുത്തകാപ്പി. സാധാരണ ഭാര്യ കുറെ വർത്തമാനം പറയുന്നതാണ്. ഇന്ന് മിണ്ടാട്ടമില്ല. രാത്രി കിടപ്പു മുറിയിൽ വന്നപ്പോൾ ഒരു ഏങ്ങലടി, എന്താ മോളേ ഒരു പരിഭവം എന്ന് ചോദിച്ചപ്പോൾ, എനിക്കെല്ലാം മനസ്സിലായി. നിങ്ങൾക്ക് ഒരു മെലിഞ്ഞ പെണ്ണിനെ തന്നെ കെട്ടിയാൽ പോരായിരുന്നോ? പിന്നെ ഒരു കരച്ചിലാണ്. ബാക്കി പറയാതെ നിങ്ങൾക്ക് ഊഹിക്കാമല്ലോ. . . . സന്ദർഭം വിശദീകരിക്കാൻ ഉണ്ടാക്കിയെടുത്ത കഥയാണ് ഇത്, ഈ കഥയിൽ ആരുടെ ഭാഗത്താണ് തെറ്റ് എന്ന് ചോദിച്ച് ഇക്ബാൽ സാർ ബാക്കി സദസ്സിന് ചർച്ച ചെയ്യാൻ വിട്ടു.

ചർച്ച വളരെ സജീവമായിരുന്നു. പലരും പല അഭിപ്രായങ്ങൾ പറഞ്ഞു. ഭൂരിപക്ഷം പേരും പറഞ്ഞത് സംശയം ഉണ്ടാകുന്ന സാഹചര്യം പുരുഷൻ ഒഴിവാക്കണമായിരുന്നു എന്നാണ്. പറഞ്ഞ കഥക്ക് ഉദ്ദേശിച്ച പ്രതികരണം ലഭിച്ച സന്തോഷത്തിൽ സാർ ടീ ബ്രേക്കിനായി ക്ലാസ് നിർത്തി.

ഞാൻ സാറിന്റെ കൂടെ ചായകുടിക്കാൻ നടക്കുകയാണ്. അപ്പോൾ ക്ളാസ്സിൽ ഇരുന്ന ഒരാൾ വന്ന് ഇക്ബാൽ സാറിനോട് ചോദിച്ചു. സാറേ സാറിന്റെ ഭാര്യയുടെ പിണക്ക മൊക്കെ മാറിയോ അതോ ഇപ്പോഴും നിങ്ങൾക്ക് വഴക്കാണോ! !

പറഞ്ഞത് ഒരു കഥയാണെന്ന് എടുത്ത് പറഞ്ഞിട്ടും അത് ഗ്രഹിക്കാൻ സാധിക്കാതെ പോകുന്നവരും നമ്മുടെ ഇടയിലുണ്ട് എന്ന് മനസ്സിലാക്കിയിരിക്കണം. സത്യം പറഞ്ഞാൽ മാത്രം പോരാ സത്യമാണ് പറഞ്ഞത് എന്ന് മറ്റുള്ളവർക്ക് ബോദ്ധ്യപ്പെടാനും അവസരം കൊടുക്കണം. നിങ്ങളെക്കുറിച്ചുള്ള ഭാര്യയുടെ സംശയങ്ങൾക്ക് അടിസ്ഥാനമുണ്ടോ, എങ്കിൽ അത് മാറ്റിയേ നിങ്ങൾക്ക് സ്വസ്ഥത ലഭിക്കൂ.

അടിസ്ഥാനമില്ല എങ്കിൽ അത് അവൾക്ക് ബോദ്ധ്യപ്പെടുന്ന വിധത്തിൽ നിങ്ങൾ തുറന്ന് പെരുമാറണം. എല്ലാം കലങ്ങി തെളിയാൻ സാഹചര്യം ഉണ്ടാകണേ എന്ന് പ്രാർത്ഥിക്കണം. ആ പ്രാർത്ഥനയും ഫലം ചെയ്യും.

ചില നിമിത്തങ്ങൾ പരസ്പര വിശ്വാസം ഉളവാക്കിയ ഒരു കഥയുണ്ട്.

അല്പ സ്വല്പ വഴക്കും, പിണക്കവും, സംശയവുമായി കഴിയുന്ന ദമ്പതികൾ. ഭർത്താവ് ഒരു പാർട്ടിക്ക് പോയി പതിവില്ലാതെ മദ്യപിച്ചു. രാത്രി വീട്ടിൽ ചെല്ലുമ്പോൾ ഭാര്യ ബഹളം വെയ്ക്കും എന്ന് അയാൾക്ക് ഉറപ്പായിരുന്നു. ഇനി കുടിക്കില്ല എന്നയാൾ നിശ്ചയിച്ചു. പക്ഷേ വീടെത്തിയപ്പോൾ കാലുറയ്ക്കാത്ത നിലയിലായിരുന്നു. ഭാര്യ വന്ന് പിടിച്ചു കൊണ്ടുപോയി കട്ടിലിൽ കിടത്തി. ഉറങ്ങി എണീറ്റ് നോക്കുമ്പോൾ വേഷം മാറ്റി പുതപ്പിച്ച് കിടത്തിയിരിക്കുന്നു. സൈഡ് ടേബിളിൽ ഒരു ഫ്ളാസ്കിൽ കട്ടൻ കാപ്പി വെച്ചിരിക്കുന്നു. എണീറ്റ് ഒരു വൈക്ളബ്യത്തോടെ ഭാര്യയോട് സോറി പറഞ്ഞ് ഇനി കുടിക്കില്ല എന്ന് പ്രോമിസ് ചെയ്യാൻ അടുക്കളയിൽ ചെന്നപ്പോൾ, ഭാര്യ അവിടില്ല. ദൈവമേ ഇവള് പിണങ്ങി ഇറങ്ങിപ്പോയോ എന്ന് ഭയന്ന് ഡൈനിംഗ് റൂമിൽ ചെന്നു നോക്കുമ്പോൾ ടേബിളിൽ ബ്രേക്ക്ഫാസ്റ്റ് റെഡിയാക്കി വെച്ചിരിക്കുന്നു. സമീപത്ത് ഒരു കുറിപ്പും. മിടിക്കുന്ന ഹൃദയത്തോടെ അയാളാ കുറിപ്പെടുത്തു വായിച്ചു. ചേട്ടാ, എണീറ്റെങ്കിൽ ബ്രേക്ക്ഫാസ്റ്റ് കഴിച്ചോളൂ, ഞാൻ മാർക്കറ്റിൽ പോയിട്ട് ഉടൻ വരാം.

അയാൾക്ക് ആശ്വാസമായി, എങ്കിലും വിശ്വസിക്കാൻ കഴിയുന്നില്ല. ഇവൾക്കിത് എന്തുപറ്റി? അപ്പോൾ മൂത്ത മകൾ സ്കൂളിൽ പോകാൻ റെഡിയായി വന്നു. അയാൾ മകളോടു ചോദിച്ചു – ഇന്നലെ എന്താ ഉണ്ടായത്?

മകളു പറഞ്ഞു, പപ്പ നല്ല ഫോമിലായിരുന്നു ഇന്നലെ, മമ്മി കൊണ്ടെ കട്ടിലിൽ കിടത്തിയില്ലായിരുന്നെങ്കിൽ പപ്പ ഇവിടെ വരാന്തയിൽ തന്നെ കിടന്നേനേ. മമ്മി പപ്പയെ താങ്ങിപ്പിടിച്ചപ്പോൾ പപ്പ കിടന്ന കുതറി, വിടു പെണ്ണുംപിള്ളേ, എനിക്ക് ഭാര്യയും മക്കളുമുണ്ട് എന്ന് പപ്പ അലറി വിളിച്ചായിരുന്നു. പൂസായാലും ഞങ്ങളെയൊക്കെ ഓർക്കുന്നുണ്ട് അല്ലേ? അവൾ പപ്പയെ കളിയാക്കി ചിരിച്ചു. ഇനി മദ്യ പിക്കില്ല എന്ന് അയാൾ മകളോട് പ്രോമിസ് ചെയ്തു.

ഒരു നിമിത്തം കൊണ്ട് വിശ്വാസം ഉളവായ ഈ കഥ വായിച്ചിട്ട്, വിശ്വാസമുണ്ടാക്കാൻ വേണ്ടി രണ്ട് സ്മോളടിച്ച് നമ്പരിറക്കിയാൽ സംഗതി തിരിച്ചടിക്കും കേട്ടോ. പരസ്പര വിശ്വാസം ഉളവാകണം എന്ന് ഉള്ളിൽ തീവ്രമായ ആഗ്രഹവും, ആ ലക്ഷ്യം വെച്ചുള്ള വിവേക പൂർവ്വമായ പെരുമാറ്റവും മതി. ബാക്കി തമ്പുരാന് വിട്ടു കൊടുത്തേക്കുക.

Mind craves for thoughts, It will continue to seek fuel for more thoughts, good or bad.

Do not give it the wrong fuel.

More Articels : http : //www.bethlehemmatrimonial.com/editorial.html